**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1458** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പൂഞ്ഞാർ മണ്ഡലത്തിൽ ഉരുൾപൊട്ടലിൽ ഉണ്ടായ കൃഷി നാശം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** 2026 ആഗസ്റ്റ് മാസം പൂഞ്ഞാർ നിയമസഭാ മണ്ഡലത്തിൽ ഉരുൾപൊട്ടലിൽ ഉണ്ടായ കൃഷി നാശം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u> പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ 2026 ആഗസ്റ്റ് മാസം പെയ്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് 10.8864 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്.**

**(ബി)** എങ്കിൽ ഏതെല്ലാം കാർഷിക വിളകൾക്ക് എത്രമാത്രം നാശനഷ്ടം ഉണ്ടായെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(സി)** വായ്പ എടുത്ത് കൃഷിചെയ്ത കർഷകരുടെ നാശനഷ്ടം തിട്ടപ്പെടുത്തി എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** കൃഷി വിളകൾക്കുണ്ടാകുന്ന നാശനഷ്ടം നികത്തുന്നതിനായി വിള ഇൻഷൂർ ചെയ്തിട്ടുള്ള കർഷകർക്ക് കേന്ദ്ര - സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. അതോടൊപ്പം കാർഷിക വായ്പാ കുടിശ്ശിക ഉള്ള കർഷകരുടെ കാര്യത്തിൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത് നൽകിയ അവാർഡുകളിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ മുഴുവൻ പ്രൊപ്പോസലുകളിലും ലഭ്യമാകുന്ന ഫണ്ടിന്റെയും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | വിളയുടെ പേര് | നാശനഷ്ടം സംഭവിച്ച വിളകളുടെ വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | Banana (b) | 0.7894 |
| 2 | Banana (NB) | 0.10 |
| 3 | Rubber (T) | 1.668 |
| 4 | Rubber (NT) | 0.38 |
| 5 | Cocoa (B) | 0.85 |
| 6 | Cocoa (Nb) | 0.13 |
| 7 | Coconut (B) | 1.28 |
| 8 | Coconut (Nb) | 0.44 |
| 9 | Arecanut (B) | 0.824 |
| 10 | Arecanut (NB) | 0.22 |
| 11 | Coffee | 1.005 |
| 12 | Clove(b) | 0.115 |
| 13 | Nutmug (b) | 1.015 |
| 14 | Nutmug (Nb) | 0.18 |
| 15 | Tea | 0.10 |
| 16 | Pepper (b) | 0.67 |
| 17 | Tapicoa | 0.72 |
| 18 | Pinapple | 0.20 |
| 19 | Vegetable | 0.10 |
| 20 | Cardamom | 0.10 |

Pradeep

സെക്ഷൻ ഓഫീസർ